**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4308** **09-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭിക്കേണ്ടവരുടെ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം താലൂക്കിൽ പട്ടയം ലഭിക്കേണ്ടവരുടെ എത്ര അപേക്ഷകൾ ഉണ്ടെന്ന വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | കുന്നംകുളം താലൂക്കിൽ മിച്ചഭൂമി പട്ടയത്തിന് ചിറമനങ്ങാട് വില്ലേജിൽ 209 അപേക്ഷകളും,LA പട്ടയത്തിന് 32 അപേക്ഷകളും ലഭ്യമായിട്ടുള്ളതാണ്. LA പട്ടയത്തിന്റെ വില്ലേജ് തിരിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. വെള്ളാറ്റഞ്ഞൂർ - 9 കരിക്കാട് -10 വേലൂർ - 1 ചിറനെല്ലൂർ -1 നെല്ലുവായ് - 4 കടങ്ങോട് - 7 |
| (ബി) | 2016-21 കാലയളവിൽ കുന്നംകുളം താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു എന്ന വിവരം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | കുന്നംകുളം താലൂക്ക് രൂപീകൃതമായ 2018 മാർച്ച് 31 മുതൽ 1964 ലെ ചട്ടങ്ങൾ പ്രകാരം 12 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.വില്ലേജ് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു. വെള്ളാറ്റഞ്ഞൂർ - 6 ചെമ്മത്തിട്ട - 1 പെരുമ്പിലാവ് - 4 വേലൂർ - 1 1995 ലെ ഭൂമി പതിവ് ചട്ടപ്രകാരം 49 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു. കുന്നംകുളം - 39 ചൊവ്വന്നൂർ -10 |
| (സി) | പട്ടയം ലഭിക്കേണ്ടവരുടെ അപേക്ഷകളിൽ കാലതാമസം കൂടാതെ പട്ടയം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സമയബന്ധിതമായ നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ 1960 ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിനു കീഴിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കുന്നത്. സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പട്ടയ അപേക്ഷകളിൽ കാലതാമസമില്ലാതെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദേശം നൽകിയിട്ടുള്ളതാണ്. പട്ടയ അപേക്ഷകളിൽ നിയമാനുസൃതമായിട്ടുള്ളവയിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അർഹരായവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ